(എ) കോളേജ് അദ്ധ്യാപകർ ശനിയാഴ്ച കൂടി ജോലി ചെയ്യണമെന്ന ഉത്തരവുണ്ടായതെന്നാണ് ;

(ബി) ഇപ്രകാരം ഒരുത്തരവ് പുറപ്പെടുവിക്കാനുള്ള കാരണം വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്ത് ആകെ എത്ര കോളേജ് അദ്ധ്യാപകരാണ് ഉള്ളത് ;

(ഡി) ഇതിൽ എത്ര പേർ ശനിയാഴ്ചകളിൽ കോളേജുകളിൽ എത്തുകയും ക്ലാസ്സെടുക്കുകയും ചെയ്തു ;

(ഇ) കോളേജിലെത്തുകയോ ക്ലാസ്സെടുക്കുകയോ ചെയ്യാത്ത കോളേജ് അദ്ധ്യാപകരുടെ മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) 21-12-1999-ലെ ജി.ഒ.(പി.)നമ്പർ.171/99/ഉവിവ. ഉത്തരവിലെ 11.1 ഖണ്ഡിക പ്രകാരം ഇതിനുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 22-1-2000 (ശനിയാഴ്ച) മുതൽ പ്രാബല്യത്തിൽ വരുത്തേണ്ടതാണെന്ന് നിർദ്ദേശം കൊടുത്തിരുന്നു.

(ബി) 180 സാദ്ധ്യായ ദിവസങ്ങൾ ഉണ്ടാകണമെന്ന യു.ജി.സി. നിബന്ധന പാലിക്കുന്നതിനു വേണ്ടിയാണ്.

(സി) യു.ജി.സി.യുടെ പരിധിയിൽ വരുന്ന 13774 അദ്ധ്യാപകരാണുള്ളത്.

(ഡി) കണക്ക് ലഭ്യമല്ല. വളരെക്കുറച്ച് അദ്ധ്യാപകർ മാത്രമേ ഹാജരായിരുന്നുള്ളൂ.

(ഇ) ശനിയാഴ്ച ദിവസം ഹാജരായി ക്ലാസ്സെടുക്കാതിരുന്ന അദ്ധ്യാപകരുടെ അന്നേ ദിവസത്തെ ശമ്പളം തടഞ്ഞു വയ്ക്കാൻ നിർദ്ദേശം കൊടുത്തിരുന്നു.

തൃപ്പൂണിത്തുറയിൽ പി.ഡബ്ല്യു.ഡി. റെസ്റ്റ് ഹൗസ്

34 (1275) ശ്രീ. കെ. ബാബു : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃപ്പൂണിത്തുറയിൽ പി.ഡബ്ല്യു.ഡി. റെസ്റ്റ് ഹൗസ് ആരംഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഭരണാനുമതിയും സ്പെഷ്യൽ സാംഗ്ഷനും സാങ്കേതികാനുമതിയും എന്നാണ് നൽകിയത് ;

(സി) ഇതിന്റെ ടെണ്ടർ എന്നായിരുന്നു; ഇതിന്റെ നിർമ്മാണം എന്നാണ് പൂർത്തിയായത് ;

(ഡി) ഇവിടെ സ്റ്റാഫിന്റെ എത്ര തസ്തികകളാണ് ആവശ്യമുള്ളത് ;

(ഇ) ഇപ്പോൾ ഏതെല്ലാം തസ്തികയിൽ സ്റ്റാഫിനെ നിയമിച്ചിട്ടുണ്ട് ;

(എഫ്) ബാക്കി സ്റ്റാഫിനെ എന്ന് നിയമിക്കും ;

(ജി) പ്രസ്തുത റെസ്റ്റ് ഹൗസിൽ ആകെ എത്ര മുറികളുണ്ട്; ഇവയിൽ എത്ര മുറികളിൽ ഫർണിച്ചർ അനുവദിച്ചിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) മറ്റു മുറികളിൽ ഫർണിച്ചർ നൽകുവാൻ വേണ്ട നടപടി സ്വീകരിക്കുമോ ;

(ഐ) ഇവിടെ ടെലഫോൺ അനുവദിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതിന് വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 6-7-1995-ൽ ഭരണാനുമതിയും 2-11-1995-ൽ പ്രത്യേകാനുമതിയും 6-2-1996-ൽ സാങ്കേതികാനുമതിയും നൽകി.

(സി) 7-2-1996-ൽ ടെണ്ടർ ചെയ്തു. 30-3-1998-ൽ പണി തീർന്നു.

(ഡി) നാല്.

(ഇ&എഫ്) ഇപ്പോൾ താൽക്കാലികമായി കെയർടേക്കർ സ്റ്റാഫ് മാത്രമാണ് ഉള്ളത്. ധനകാര്യ വകുപ്പ് 17-11-1999-ൽ പുറപ്പെടുവിച്ച ഇക്കോണമി ഓർഡർ ഇളവ് ചെയ്ത് പുതിയ തസ്തികകൾ സൃഷ്ടിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

(ജി) ആകെ ഏഴ് ഡബിൾ മുറികളാണ് ഉള്ളത്. ഇവയിൽ സിംഗിൾ റൂമിന്റെ സൗകര്യത്തിലുള്ള ഫർണിച്ചർ മാത്രമേ ഇപ്പോൾ ഉള്ളൂ.

(എച്ച്) നടപടി സ്വീകരിച്ചു വരുന്നു.

(ഐ) ഇല്ല. നടപടി സ്വീകരിച്ചു വരുന്നു.

സ്കൂൾ കെട്ടിടങ്ങളുടെ വാർഷിക അറ്റകുറ്റപ്പണികൾ

35 (1276) ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. കെ. പി. എ. മജീദ് :
ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ കെട്ടിടങ്ങളുടെ വാർഷിക അറ്റകുറ്റപ്പണികൾ നടത്താതെ ക്ലാസ്സുകൾ നടത്തുന്ന എത്ര സ്കൂളുകളുണ്ട് ;

(ബി) എല്ലാ സ്കൂളുകളിലും പുതുവർഷത്തിൽ ക്ലാസ്സുകൾ ആരംഭിക്കുന്നതിനു മുൻപു തന്നെ സ്കൂൾ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ ചെയ്തു തീർക്കുന്നതിനുള്ള സ്ഥിരം സംവിധാനം ഉണ്ടോ ;

(സി) ഇല്ലെങ്കിൽ പ്രസ്തുത സംവിധാനം ഉണ്ടാക്കാൻ നടപടി സ്വീകരിച്ച് കുട്ടികൾക്ക് ഉണ്ടാകാവുന്ന അപകടം ഒഴിവാക്കാൻ ശ്രദ്ധിക്കുമോ ?

ഉത്തരം

(എ) ഇതു സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) ഉണ്ട്.

(സി) ചോദ്യം ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly